എന്റെ കേളകം... എന്റെ അഭിമാനം....

# കേളകം
# ഗ്രാമ പഞ്ചായത്ത്

# ബഡ്ജറ്റ്
# 2025-2026

# ആമുഖം

ബജറ്റ് അവതരണത്തിന് ആമുഖ പ്രസംഗം നടത്തിയ യോഗാദ്ധ്യക്ഷനും കേളകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായ ശ്രീ: സി ടി അനീഷ്, ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ, ഗ്രാമപഞ്ചായത്ത് മെമ്പർമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ആസൂത്രണ സമിതി ഉപാധ്യക്ഷൻ, ഗ്രാമപഞ്ചായത്ത് റിസോഴ്സ് പേഴ്സൺ, മറ്റ് ഉദ്യോഗസ്ഥർ, മാധ്യമ പ്രവർത്തകർ ഉൾപ്പെടെയുള്ള പ്രിയപ്പെട്ടവരെ. 2025 – 26 വാർഷിക ബജറ്റ് അവതരണത്തിനുള്ള ഈ പ്രത്യേക ഭരണസമിതി യോഗത്തിൽ പങ്കെടുത്ത മുഴുവൻ ആളുകളെയും ഞാൻ അഭിവാദ്യം ചെയ്യുന്നു.

2020 ഡിസംബറിൽ അധികാരത്തിൽ വന്ന ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിലുള്ള ഭരണസമിതിയുടെ അവസാനത്തെ ബജറ്റാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. കേന്ദ്ര ഗവണ്മെന്റിന്റെ സാമ്പത്തിക ഉപരോധം സംസ്ഥാന സർക്കാരിനെയും അതിന്റെ ഭാഗമായ തദ്ദേശ ഭരണ സ്ഥാപനങ്ങളെയും പ്രയാസപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു കാലത്താണ് ഈ ബജറ്റ് അവതരിപ്പിക്കുന്നത്.

കേന്ദ്ര ഗവണ്മെന്റ് ഏർപ്പെടുത്തിയ കടുത്ത സാമ്പത്തിക ഉപരോധങ്ങൾക്കിടയിലും കേരളത്തിലെ എൽ ഡി എഫ് ഗവണ്മെന്റ് എല്ലാ വികസന മേഖലകളിലും രാജ്യത്തിന് മാതൃകയാവുകയാണ്. വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, ദാരിദ്ര്യ നിർമാർജ്ജനം, മാലിന്യ സംസ്കരണം, ക്രമസമാധാനം, വ്യവസായ വളർച്ച, ക്ഷേമ പ്രവർത്തനങ്ങൾ, വികസനം, മതസൗഹാർദ്ധം തുടങ്ങിയ ഏത് മേഖല എടുത്താലും കേരളം ഒന്നാമതാണെന്ന് നീതി ആയോഗ് ഉൾപ്പെടെയുള്ള കേന്ദ്ര സർക്കാർ സംവിധാനങ്ങളും മറ്റ് ഏജൻസികളും പ്രസിദ്ധീകരിച്ച റിപ്പോർട്ടുകൾ സാക്ഷ്യപ്പെടുത്തുന്നു. കേരളത്തിന്റെ ഈ മുന്നേറ്റത്തെ തകർക്കാനാണ് കേന്ദ്രസർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തിന് ഭരണഘടനാപരമായി ലഭിക്കേണ്ട നികുതി വിഹിതം ഉൾപ്പെടെയുള്ള സാമ്പത്തിക വിഹിതങ്ങൾ നിഷേധിക്കുകയും വായ്പയെടുക്കാനുള്ള അവകാശം പോലും തടയുകയും ചെയ്യുന്നു. ബജറ്റിതര വായ്പാ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തി മുന്നോട്ട് പോകാനുള്ള സംസ്ഥാന സർക്കാരിന്റെ നീക്കത്തെ പോലും നരേന്ദ്രമോദി സർക്കാർ തടസ്സപ്പെടുത്തുന്നു. കേരളത്തിന്റെ നന്മകളെയാകെ കവർന്നെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ബി ജെ പി ഗവണ്മെന്റ് ഈ നിലപാട് സ്വീകരിക്കുന്നത്. ഇത്തരം പ്രതിലോമ നീക്കങ്ങളെ രാഷ്ട്രീയമായും നിയമപരമായും ചെറുക്കാൻ ശ്രമിച്ചുകൊണ്ട് തന്നെ കേരളത്തിലെ ജനങ്ങളുടെ ജീവിത ഗുണനിലവാരം വർധിപ്പിക്കുന്നതിനായി സർവ്വതല സ്പർശിയായ വികസനം ഉറപ്പുവരുത്തി നവകേരളം കെട്ടിപ്പെടുക്കാനുള്ള പ്രവർത്തനങ്ങളുമായി പിണറായി വിജയൻ സർക്കാർ മുന്നോട്ട് പോവുകയാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം

വർധിപ്പിച്ചു നൽകാൻ സർക്കാർ തയ്യാറായി എന്നത് ശ്രദ്ധേയമാണ്. നവകേരള നിർമാണത്തിൽ പ്രധാന പങ്ക് വഹിക്കുന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങളാണ് എന്ന് കാണാം. ആ കടമ നിർവഹിക്കാനുള്ള പ്രവർത്തനത്തിൽ സംസ്ഥാന സർക്കാരിനൊപ്പം ചേർന്ന് കേളകം ഗ്രാമപഞ്ചായത്തും അഭിമാനത്തോടെ മുന്നോട്ട് പോവുകയാണ്.

2020 ഡിസംബർ 21 ന് അധികാരത്തിൽ വന്ന എൽ ഡി എഫ് ഭരണസമിതി നാല് വർഷം പൂർത്തീകരിച്ചിരിക്കുകയാണ്. കോവിഡ് 19, ഉരുൾപൊട്ടൽ, സോയിൽ പൈപ്പിങ്, ബഫർസോൺ പ്രശ്നം, നിരന്തരമായി ഉണ്ടാകുന്ന വന്യമൃഗ ശല്യം തുടങ്ങിയ നിരവധി പ്രതിസന്ധികളെ നേരിട്ടുകൊണ്ടു തന്നെ വിവിധ വികസന മേഖലകളിൽ അഭിമാനകരമായ നേട്ടങ്ങളുണ്ടാക്കാൻ ഭരണസമിതിക്ക് സാധിച്ചു. സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിൽ ഏറെ മുന്നോട്ട് പോകാൻ കേളകം ഗ്രാമപഞ്ചായത്തിന് കഴിഞ്ഞു.

വന്യമൃഗ ശല്യം രൂക്ഷമായതും വയലോ തരിശ് ഭൂമിയോ ഇല്ലാത്തതുമായ കേളകം ഗ്രാമപഞ്ചായത്തിൽ കാർഷിക മേഖലയിൽ പുത്തൻ ഉണർവ്വ് ഉണ്ടാക്കാൻ ഗ്രാമപഞ്ചായത്തിനും കൃഷിഭവനും സാധിച്ചു. നിരവധി ആളുകളെ പുതിയതായി കാർഷിക മേഖലയിലേക്ക് കൊണ്ടുവന്നു. എൻ എം എസ് എ പദ്ധതി, ഞങ്ങളും കൃഷിയിലേക്ക്, ഞാറ്റുവേല ചന്ത, കർഷക ദിനം എന്നിവ ജനകീയമായി നടപ്പാക്കി. ഇതിനകം 12,827 തെങ്ങിൻ തൈകൾ, 1,20,000 കുരുമുളക് തൈകൾ, 15,000 കശുമാവ് തൈകൾ, 15,000 കാപ്പി തൈകൾ 1,890 ജാതി തൈകൾ, 2,000 റംബൂട്ടാൻ തൈകൾ എന്നിവ കർഷകർക്ക് വിതരണം ചെയ് തു കഴിഞ്ഞു. കൂൺ ഗ്രാമം, തേൻ ഗ്രാമം പദ്ധതികൾ പുരോഗതിയിലാണ്. വന്യമൃഗ ശല്യം തടയുന്നതിന് വനം വകുപ്പിന്റെ സഹായത്തോടെ രണ്ട് കിലോമീറ്റർ ദൂരത്തിൽ ഹാങ്ങിങ് ഫെൻസിങ് സ്ഥാപിച്ചു കഴിഞ്ഞു. അവശേഷിക്കുന്ന നാല് കിലോമീറ്റർ ഈ വർഷം പൂർത്തീകരിക്കും. ഇതോടെ അടക്കാത്തോട് മേഖലയിലെ വന്യമൃഗ ശല്യം നല്ല നിലയിൽ കുറയ്ക്കാൻ സാധിക്കും. എല്ലാ വാർഡിലും സജീവമായി പ്രവർത്തിക്കുന്ന കർഷക സഭകളും ആയിരത്തിലധികം ആളുകൾ ഉൾപ്പെടുന്ന വാട്സാപ്പ് ഗ്രൂപ്പും പ്രവർത്തിക്കുന്നു. ഇവയിലൂടെ ഗ്രാമപഞ്ചായത്തിന്റെയും സംസ്ഥാന കൃഷി വകുപ്പിന്റെയും വിവരങ്ങൾ ഭൂരിപക്ഷം കർഷകരിലേക്കും എത്തിക്കാനും അതുവഴി ആനുകൂല്യങ്ങൾ പരമാവധി ആളുകൾക്ക് ലഭ്യമാക്കാനും കഴിയുന്നുണ്ട്.

ആരോഗ്യ രംഗത്ത് ഗ്രാമപഞ്ചായത്തിന് നല്ല മുന്നേറ്റം ഉണ്ടാക്കാൻ സാധിച്ചു. കോവിഡ് പ്രതിരോധ പ്രവർത്തനം മെച്ചപ്പെട്ട നിലയിൽ നടത്തി. കേളകം പ്രാഥമികാരോഗ്യ കേന്ദ്രം, ആയുർവേദ ഹോമിയോ ഡിസ്പെൻസറികൾ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തി. ഇപ്പോൾ മികച്ച സേവനം രോഗികൾക്ക് നൽകാനാകുന്നുണ്ട്. മൂന്ന് ആരോഗ്യ കേന്ദ്രങ്ങളിലും രോഗികളുടെഎണ്ണം വർധിച്ചു എന്ന് മാത്രമല്ല ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവരും ഈ സ്ഥാപനങ്ങളുടെ സേവനം സ്വീകരിക്കുന്നുണ്ട്. കേളകം, അടക്കാത്തോട് കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ

വെൽനെസ്സ് സെന്ററുകളാക്കി മാറ്റി. ആയുർവേദ ഹോമിയോ ഡിസ്പെൻസറികൾ വെൽനെസ്സ് സെന്ററുകൾ ആയി മാറിക്കൊണ്ടിരിക്കുന്നു.പി എച്ച് സി യിലെ ജീവിത ശൈലീ രോഗ ക്ലിനിക്കിന്റെ പ്രവർത്തനം ആഴ്ചയിൽ രണ്ടു ദിവസമാക്കി. അടക്കാത്തോട് ആയുർവേദ ഡിസ്പെൻസറിയിൽ ജില്ലയിലെ ആദ്യത്തെ ആയുർവേദ പ്രമേഹ ഒ പി ക്ലിനിക്ക് ' മേഹാരി ' ആരംഭിച്ചു. അടുത്തു തന്നെ ഇവിടെ വെരിക്കോസ് ക്ലിനിക്ക് കൂടി ആരംഭിക്കാനാകും. അതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഡയാലിസിസ് രോഗികൾക്ക് സ്വകാര്യ ആശുപത്രികളിൽ ഡയാലിസിസ് നടത്തുന്നതിന് പണം നൽകുന്ന ജില്ലയിലെ അപൂർവ്വം ചില പഞ്ചായത്തുകളിൽ ഒന്നാണ് കേളകം. ആയുർവേദ ഹോമിയോ ഡിസ്പെൻസറികളിൽ യോഗ ഇൻസ്ട്രക്ടർമാരായി രണ്ട് ആയുർവേദ ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്താനായി. പി എച്ച് സി യുടെ ഭാഗമായി 289 പേർക്ക് പാലിയേറ്റീവ് പരിചരണം നൽകി വരുന്നു ഇതിൽ 159 പേർക്ക് മികച്ച രീതിയിൽ ഹോംകെയർ നൽകുന്നുണ്ട്. ഏപ്രിൽ മാസം മുതൽ അരികെ എന്ന പേരിൽ ആയുർവേദ പാലിയേറ്റീവ് പ്രവർത്തനവും ആരംഭിക്കാനാവും. ഇതോടൊപ്പം പാലിയേറ്റീവ് രംഗത്ത് പ്രവർത്തിക്കുന്ന സ്വകാര്യ സംഘടനകളെ കൂടി പങ്കെടുപ്പിച്ച് സമ്പൂർണ്ണ പാലിയേറ്റീവ് പഞ്ചായത്തായി മാറാനുള്ള ശ്രമത്തിലാണ് നാം ഉള്ളത്.

അതിദാരിദ്ര്യ നിർമാർജ്ജനത്തിനായി നിരവധി പ്രവർത്തനങ്ങൾ ഇതിനകം നടത്താൻ സാധിച്ചു. സർവ്വേയിലൂടെ കണ്ടെത്തിയ 64 പേരിൽ നിരവധി പേർ ലിസ്റ്റിൽ നിന്ന് ഒഴിവായി. ചിലർക്ക് സ്ഥിരമായി ഭക്ഷ്യ വസ്തുക്കൾ നൽകി വരുന്നുണ്ട്. ചിലർക്ക് കുടുംബശ്രീ സഹായത്താൽ ഭക്ഷണം പാകം ചെയ്ത് നൽകി വരുന്നു. അവശേഷിക്കുന്ന ഏക ഭൂരഹിത ഭവനരഹിതക്ക് ഭൂമി കണ്ടെത്തി കഴിഞ്ഞു. അവരുടെ വീട് നിർമാണം ആരംഭിക്കുന്നതോടെ ഈ മാസം തന്നെ കേളകം അതിദാരിദ്ര്യമുക്ത പഞ്ചായത്തായി മാറും.

എല്ലാവർക്കും കുടിവെള്ളം എത്തിക്കുക എന്ന ഭരണസമിതിയുടെ ലക്ഷ്യം പൂർത്തിയായി വരികയാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ പദ്ധതികൾക്കൊപ്പം ജലജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തവും അതിവേഗം പൂർത്തീകരിച്ചു വരുന്നു. ചെട്ടിയാംപറമ്പ് പാറത്തോട് മേഖലയിൽ ജലവിതരണം ആരംഭിച്ചു കഴിഞ്ഞു. മെയ് മാസം ആകുമ്പോഴേക്ക് പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശത്തും ജലവിതരണം നടത്താനാകും എന്നാണ് കരുതുന്നത്. അടുത്ത സാമ്പത്തിക വർഷത്തോടെ സമ്പൂർണ്ണ കുടിവെള്ള പഞ്ചായത്തായി കേളകം മാറും.

എല്ലാവർക്കും വീട് നൽകുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ ലൈഫ് ഭവന പദ്ധതി ആരംഭിച്ചത്. കേളകം ഗ്രാമപഞ്ചായത്തിൽ ഇതിന്റെ പ്രവർത്തനം പൂർത്തീകരിച്ചു വരികയാണ്. ലൈഫ് പദ്ധതിയിൽ ഇതുവരെയായി എഗ്രിമെന്റ് വെച്ച സ്വന്തമായി ഭൂമിയുള്ള 175 പേരിൽ 159 വീടുകളുടെ നിർമാണം പൂർത്തീകരിച്ചു. 16 വീടിന്റെ നിർമാണം പൂർത്തീകരിച്ചു വരുന്നു. ഭൂമിയുള്ളവരിൽ എഗ്രിമെന്റ് വെക്കാൻ ബാക്കിയുള്ളത് 47 പേരാണ്. ഭൂരഹിതരായ 42 പേരുടെ വീട് നിർമാണം ആരംഭിച്ചിട്ടില്ല.

നാല് അതി ദരിദ്രർക്ക് ഉൾപ്പെടെ കുറച്ചു പേർക്ക് ഭൂമി കണ്ടെത്തി കഴിഞ്ഞു. ബാക്കി കൂടി കണ്ടെത്താനുള്ള ശ്രമം നടന്നു വരുന്നു. അടുത്ത സാമ്പത്തിക വർഷത്തോടെ ലിസ്റ്റിലുള്ള മുഴുവൻ ആളുകൾക്കും വീട് നിർമിച്ചു നൽകി കേളകം ഗ്രാമപഞ്ചായത്ത് സമ്പൂർണ പാർപ്പിട പഞ്ചായത്ത് ആയി മാറും.

കായിക രംഗത്ത് അഭിമാനകരമായ മുന്നേറ്റം ഉണ്ടാക്കാൻ സാധിച്ചു. ഗ്രാമപഞ്ചായത്തിന്റെ ഇടപെടലിൽ വളരെയധികം കുട്ടികളെ കായിക മേഖലയിലേക്ക് എത്തിക്കാൻ സാധിച്ചു. കഴിഞ്ഞ 4 വർഷവും വോളിബോൾ ഫുട്ബോൾ എന്നിവയിൽ ഇരുന്നൂറോളം കുട്ടികൾക്ക് കായിക പരിശീലനം നൽകി വരുന്നുണ്ട്. എല്ലാ വാർഡിലും കളിക്കളങ്ങൾ കണ്ടെത്തി കഴിഞ്ഞു. എല്ലാ വാർഡിലും സ്പോർട്സ് ക്ലബ്ബുകൾ രൂപീകരിക്കാനുള്ള ശ്രമവും നടന്നു വരുന്നു. ഇതോടെ സമ്പൂർണ കായിക ഗ്രാമമായി കേളകം മാറാൻ പോവുകയാണ്.

മാലിന്യ നിർമാർജ്ജന രംഗത്ത് നല്ല മുന്നേറ്റം ഇക്കാലയളവിൽ ഉണ്ടാക്കാൻ സാധിച്ചു. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച മാലിന്യമുക്തം നവകേരളം പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏറ്റവും മികച്ച രീതിയിൽ ഏറ്റെടുക്കാനും കേളകം ഗ്രാമപഞ്ചായത്തിനെ സമ്പൂർണ മാലിന്യമുക്ത പഞ്ചായത്തായി പ്രഖ്യാപിക്കാനും സാധിച്ചു.

ഗ്രാമപഞ്ചായത്തിലെ റോഡുകളുടെ മെയ്ന്റനൻസ് പൂർത്തിയായി വരുന്നു. ജലജീവൻ മിഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്റെ ഭാഗമായി മിക്ക റോഡുകളും വെട്ടിപ്പൊളിച്ച് വരികയാണ്. അടുത്ത സാമ്പത്തിക വർഷത്തോടെ ഇതടക്കം ടാറിങ് നടത്തി പൂർത്തിയാക്കാൻ സാധിക്കും എന്ന് കരുതുന്നു. പുതിയ റോഡുകളുടെ ടാറിങ് കാര്യമായി ചെയ്യാൻ സാധിച്ചിട്ടില്ല എന്ന പ്രശ്നം നിലനിൽക്കുന്നുണ്ട്.

ഈ ഭരണസമിതി അധികാരത്തിൽ വരുമ്പോൾ കേവലം മൂന്ന് ലൈബ്രറികൾ മാത്രമുണ്ടായിരുന്ന പഞ്ചായത്തിൽ പുതിയതായി 12 ലൈബ്രറികൾ ആരംഭിച്ച് എല്ലാ വാർഡിലും ലൈബ്രറികൾ പ്രവർത്തിക്കുന്ന സമ്പൂർണ ലൈബ്രറി പഞ്ചായത്തായി കേളകം മാറി. നിലവിൽ രണ്ട് ലൈബ്രറികൾക്ക് സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷൻ ലഭിച്ചു കഴിഞ്ഞു. പ്രവർത്തനം മെച്ചപ്പെടുത്തി എല്ലാ ലൈബ്രറികൾക്കും ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷൻ നേടുക എന്നതാണ് നമ്മുടെ അടുത്ത ലക്ഷ്യം.

കഴിഞ്ഞ ബജറ്റ് കായിക മേഖലക്കും ടൂറിസം മേഖലക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ളതായിരുന്നു. കായിക മേഖലയിൽ വലിയ കുതിച്ചചാട്ടം ഉണ്ടാക്കാൻ സാധിച്ചു. പ്ലേ 4 ഹെൽത്തി കേളകം പദ്ധതി വലിയ വിജയമായി മാറിക്കൊണ്ടിരിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി പരിശീലനം ലഭിച്ച അഞ്ജലി കെ ജോർജ്ജിന് സായി അക്കാദമിയിൽ സെലക്ഷൻ കിട്ടുകയും റോവിങ്ങിൽ ഈ വർഷം ദേശീയ തലത്തിൽ രണ്ടാം സ്ഥാനം ലഭിക്കുകയും ചെയ്തു. സ്കൂൾ കായിക മേളയുടെ ഫുട്ബോൾ ടീമിൽ ജില്ലാ സംസ്ഥാന തലത്തിൽ നമ്മുടെ നിരവധി കുട്ടികൾ കളിക്കുകയുണ്ടായി. അതിനു പുറമെ കേരളോത്സവ ഫുട്ബോളിൽ ബ്ലോക്ക് ചാമ്പ്യൻമാരായതും കേളകം ഗ്രാമപഞ്ചായത്താണ്.

ടൂറിസം രംഗത്ത് കുറേ കാര്യങ്ങൾ ചെയ്യാൻ സാധിച്ചിട്ടുണ്ട്. എന്നാൽ പാലുകാച്ചിയിലേക്കുള്ള റോഡ് സൗകര്യം വികസിപ്പിക്കാൻ കഴിയാത്തതും തുടർച്ചയായി ഉണ്ടായ വന്യമൃഗ സാന്നിധ്യവും പാലുകാച്ചി പദ്ധതിയുടെ വികസനത്തിന് തടസ്സമായി നിൽക്കുന്നു. കേളകം ഇക്കോ ടൂറിസം സൊസൈറ്റി രൂപീകരിക്കാനായതും അതിനു കീഴിൽ ചില സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചതും പ്രതീക്ഷ നൽകുന്നതാണ്.

പ്രിയപ്പെട്ടവരെ,

കഴിഞ്ഞ നാലു വർഷക്കാലം കേളകം ഗ്രാമപഞ്ചായത്ത് വിവിധ വികസന മേഖലകളിൽ നേടിയ നേട്ടങ്ങൾ എല്ലാം നമ്മുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ്. ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ, ആസൂത്രണ സമിതി ഉപാധ്യക്ഷൻ, അംഗങ്ങൾ, ഗ്രാമപഞ്ചായത്ത് റിസോഴ്സ് പേഴ്സൺ, കില ഫാകൽറ്റി അംഗങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധികൾ, തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിതകർമ സേനാ അംഗങ്ങൾ, മാധ്യമ പ്രവർത്തകർ തുടങ്ങി എല്ലാവരെയും ഒന്നിച്ച് ചേർത്ത് പിടിക്കാൻ ഭരണസമിതിക്ക് കഴിഞ്ഞു. കഴിഞ്ഞ നാലു വർഷവും കേളകം ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് നിർലോഭമായ സഹകരണവും പിന്തുണയും നൽകിയ എല്ലാവർക്കും ഹൃദയത്തോട് ചേർത്ത് നന്ദി രേഖപ്പെടുത്താൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

## വാർഷിക ബജറ്റിലേക്ക്

ആരോഗ്യ ഗ്രാമം എന്ന ആശയം ഒരു ഗ്രാമത്തിന്റെ ആരോഗ്യപൂർണമായ വളർച്ചക്ക് ആവശ്യമായ വിവിധ ഘടകങ്ങളായ പൗരന്മാരുടെ ആരോഗ്യം, ജീവിത ശൈലി, ശുചിത്വം, ശുദ്ധജലത്തിന്റെ ലഭ്യത, വിദ്യാഭ്യാസം, സുസ്ഥിരമായ പരിസ്ഥിതി എന്നിവ ഉൾക്കൊള്ളുന്നതാണ്.

2025 – 26 സാമ്പത്തിക വർഷത്തെ ബജറ്റിൽ കേളകം ഗ്രാമപഞ്ചായത്തിനെ ആരോഗ്യ ഗ്രാമം (ഹെൽത്തി കേളകം) ആക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് പ്രാധാന്യം നൽകാനാണ് ഉദ്ദേശിക്കുന്നത്.

## കാർഷിക മേഖല

കാർഷിക രംഗത്ത് പോഷകാഹാര തോട്ട നിർമാണവും തെങ്ങ് കൃഷി വികസനവും ഉൾപ്പെടെ വിവിധ പദ്ധതികൾക്കായി 31,57,200 (മുപ്പത്തിയൊന്ന് ലക്ഷത്തി അമ്പത്തിയേഴായിരത്തി ഇരുന്നൂറ്) രൂപ ബജറ്റിൽ വകയിരുത്തുന്നു. പാലിന് സബ്സിഡി നൽകാനായി 28,50,000 (ഇരുപത്തിയെട്ട് ലക്ഷത്തി അമ്പതിനായിരം) രൂപ വകയിരുത്തുന്നു. മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾക്കായി12,11,700 (പന്ത്രണ്ട് ലക്ഷത്തി പതിനൊന്നായിരത്തി എഴുന്നൂറ്) രൂപ വകയിരുത്തുന്നു.

# ആരോഗ്യ മേഖല

ആരോഗ്യ മേഖലയിൽ പി എച്ച് സി, ആയുർവേദ ഡിസ്പെൻസറി, ഹോമിയോ ഡിസ്പെൻസറി എന്നിവക്ക് മരുന്ന്, പാലിയേറ്റീവ് പരിചരണം, ഡയാലിസിസ് രോഗികൾക്കുള്ള ധനസഹായം, ആരോഗ്യ പ്രവർത്തകർക്കുള്ള ഹോണറേറിയം ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾക്കായി 55,70,000 (അമ്പത്തഞ്ചു ലക്ഷത്തി എഴുപതിനായിരം) രൂപ വകയിരുത്തുന്നു.

# ശുചിത്വം

റിങ് കമ്പോസ്റ്റ് വിതരണം, മിനി എം സി എഫ് സ്ഥാപിക്കൽ ഉൾപ്പെടെയുള്ള വിവിധ ശുചിത്വ പദ്ധതികൾക്കായി 29,42,000 (ഇരുപത്തൊൻപത് ലക്ഷത്തി നാല്പത്തിരണ്ടായിരം) രൂപ ബജറ്റിൽ വകയിരുത്തുന്നു.

# കുടിവെള്ള വിതരണം

വിവിധ കുടിവെള്ള പദ്ധതികൾ, പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ കുടിവെള്ള വിതരണം, കിണർ നിർമാണം, കിണർ റീചാർജിങ് തുടങ്ങിയ വിവിധ പദ്ധതികൾക്കായി 57,52,000 ( അമ്പത്തിയേഴ് ലക്ഷത്തി അൻപത്തി രണ്ടായിരം) രൂപ വകയിരുത്തുന്നു.

# വിദ്യാഭ്യാസ മേഖല

വിദ്യാഭ്യാസ മേഖലയിൽ എസ് എസ് എ ക്ക് വിഹിതം നൽകൽ വിവിധ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ തുടങ്ങിയ വിവിധ പദ്ധതികൾക്കായി 43,25,000 (നാല്പത്തിമൂന്ന് ലക്ഷത്തി ഇരുപത്തി അയ്യായിരം) രൂപ വകയിരുത്തുന്നു.

# വനിതാ ശിശു വികസനം

അംഗൻവാടി പോഷകാഹാരം, ജീവനക്കാരുടെ ഹോണറേറിയം, അംഗൻവാടികളുടെ പെയിന്റിംഗ്, നവീകരണം ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾക്കായി 56,80,000 (അൻപത്തിയാറു ലക്ഷത്തി എൺപതിനായിരം) രൂപ വകയിരുത്തുന്നു. വനിതാക്ഷേമത്തിനുള്ള വിവിധ പദ്ധതികൾക്കായി 28,96,700 (ഇരുപത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി എഴുന്നൂറ്) രൂപ വകയിരുത്തുന്നു.

# ദാരിദ്ര്യ ലഘൂകരണം

ലൈഫ് ഭവന പദ്ധതിയിൽ അവശേഷിക്കുന്ന മുഴുവൻ പേർക്കും വീട് നിർമിച്ചു നൽകും. ഇതിനായി ഹഡ്കോ വായ്പ ഉൾപ്പെടെ 3,93,99,000 (മൂന്ന് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റൊമ്പത്തിനായിരം) രൂപ വകയിരുത്തുന്നു.

## അതിദാരിദ്ര്യ നിർമാർജ്ജനം

അതിദാരിദ്ര്യം ഇല്ലാതാക്കാനുള്ള വിവിധ പദ്ധതികൾക്കായി 11,50,000 (പതിനൊന്നു ലക്ഷത്തി അമ്പതിനായിരം) രൂപ വകയിരുത്തുന്നു.

## ഭിന്നശേഷി വിഭാഗം

ഭിന്നശേഷിവിഭാഗക്കാരുടെ സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾക്കായി 16,30,000 (പതിനാറു ലക്ഷത്തി മുപ്പത്തിനായിരം) രൂപ വകയിരുത്തുന്നു.

## വയോജന ക്ഷേമം

വയോജന കലോത്സവം, വിനോദയാത്ര, വയോജന വിശ്രമ കേന്ദ്രങ്ങളുടെ നവീകരണം ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾക്കായി11,26,000 (പതിനൊന്നു ലക്ഷത്തി ഇരുപത്താറായിരം) രൂപ വകയിരുത്തുന്നു.

## പൊതു ഭരണം

ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ അടിസ്ഥാന സൗകര്യം വർധിപ്പിക്കൽ, സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ അടക്കമുള്ള വിവിധ പദ്ധതികൾക്കായി 28,50,000 (ഇരുപത്തിയെട്ട് ലക്ഷത്തി അമ്പതിനായിരം) രൂപ വകയിരുത്തുന്നു.

## പശ്ചാത്തല വികസനം

റോഡുകളുടെ നവീകരണത്തിന് 4,04,78,000 ( നാലുകോടി നാലു ലക്ഷത്തി എഴുപത്തെട്ടായിരം) രൂപ വകയിരുത്തുന്നു. പുതിയ റോഡുകളുടെ ടാറിങ്ങിന് 65,00,000 (അറുപത്തഞ്ചു ലക്ഷം) രൂപ വകയിരുത്തുന്നു. പുതിയതായി സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനും സ്ട്രീറ്റ് ലൈറ്റുകളുടെ മെയ്ന്റനൻസിനും കൂടി 40,00,000 (നാല്പതു ലക്ഷം) രൂപ വകയിരുത്തുന്നു.

## പട്ടികജാതി – പട്ടികവർഗ്ഗ മേഖല

പട്ടികജാതി മേഖലയിൽ വിവിധ പദ്ധതികൾക്കായി 8,19,000 (എട്ടുലക്ഷത്തി പത്തൊൻപതിനായിരം) രൂപ വകയിരുത്തുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട മുഴുവൻ കുട്ടികളുടെയും വിദ്യാഭ്യാസം, പി എസ് സി ഉൾപ്പെടെയുള്ള പരീക്ഷകളിൽ പങ്കെടുപ്പിക്കൽ, കലാ കായിക വികസനം ഉൾപ്പെടെ നിർവഹിക്കുന്നതിനായി ഒരു സമഗ്ര പദ്ധതി നടപ്പാക്കും. ഇതുൾപ്പെടെ വിവിധ പദ്ധതികൾക്കായി 40,00,000 (നാല്പതു ലക്ഷം) രൂപ വകയിരുത്തുന്നു.

## പരിസ്ഥിതി സംരക്ഷണം

എല്ലാ വാർഡിലും പച്ചതുരുത്തുകൾ നിർമിമ്മിക്കുന്നതിനുള്ള ' സമ്പൂർണ പച്ചത്തുരുത്ത് ഗ്രാമം 'പദ്ധതിക്കായി 12,00,000 (പന്ത്രണ്ടു ലക്ഷം) രൂപ വകയിരുത്തുന്നു.

## മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന നീരുറവ് ജല ബജറ്റ് പദ്ധതികളുടെ ഭാഗമായി കൃഷി, മണ്ണ്, ജല സംരക്ഷണം, ജൈവ സംരക്ഷണം, ജീവനോപാധി സൃഷ്ടിക്കൽ, കമ്പോസ്റ്റ് പിറ്റ്, സോക്ക് പിറ്റ് നിർമ്മാണം, കുളം നിർമ്മാണം, നേഴ്സറി സ്ഥാപിക്കൽ എന്നിവയ്ക്കും, റോഡ്, സ്റ്റേഡിയം, ചുറ്റുമതിൽ, റൂറൽ മാർക്കറ്റ് നിർമ്മാണം ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾക്കുമായി 8 കോടി രൂപ വകയിരുത്തുന്നു.

# കേളകം ഗ്രാമപഞ്ചായത്ത് 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ്

| BS-1 നികുതി വരവുകൾ | |
|---|---|
| ഇനം | തുക |
| വസ്തു നികുതി | 7500000 |
| തൊഴിൽ നികുതി | 2500000 |
| ആകെ | 10000000 |

| BS-2 നികുതി ഇതര വരവുകൾ | | |
|---|---|---|
| 130-Rental Income From Panchayat Properties | | |
| | സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക | 1200000 |
| | രജിസ്ട്രേഷൻ ചാർജ്ജ്/ഫീസ്& മറ്റുള്ളവ | 5000 |
| | ലൈസൻസ് ഫീസ് | 700000 |
| | പെർമിറ്റ് ഫീസ് | 1800000 |
| | സർട്ടിഫിക്കറ്റ് /എക്സ്ട്രാക്റ്റ് | 60000 |
| | ഫൈൻ | 35000 |
| | മറ്റ് ഫീസുകൾ | 225000 |
| | യൂസർ ചാർജ്ജ് | 125000 |
| | സർവ്വീസ്/അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജ് | 100000 |
| | ഉപയോഗ ശൂന്യമായ വസ്തുക്കളുടെ വിൽപന | 125000 |
| | ഘടക സ്ഥാപനങ്ങളിൽ നിന്നുള്ള വരവ് | 1000 |
| | ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | 600000 |
| ആകെ നികുതി ഇതര വരുമാനം | | 4976000 |

| BS-3 ജനറൽ പർപ്പസ് ഫണ്ട് | |
|---|---|
| ജനറൽ പർപ്പസ് ഫണ്ട് | 11531000 |
| ആകെ | 11531000 |

| BS-4 റവന്യൂ വരവുകൾ | | |
|---|---|---|
| **Revenue Grants Funds contribution & Compensation** | | |
| | കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം | 80000000 |
| | കേന്ദ്ര സർക്കരിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും പ്രത്യേക പദ്ധതികൾക്കുള്ളത് | 11870300 |
| | അറ്റ് സർക്കാര് ഏജനസികളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും | 200000 |
| | സംയോജിത പദ്ധതികള്ക്കുള്ള കേന്ദ്രാവിഷ്കൃത ഫണ്ട് | 10000000 |
| | അറ്റ് പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും | 5000000 |
| **ആകെ** | | **107070300** |

| BS-5 പദ്ധതിയിതര ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്, ഫണ്ട്,വിഹിതം | | |
|---|---|---|
| **Revenue Grants Funds contribution & Compensation** | | |
| | ക്ഷേമപെൻഷനുകൾ | 7,00,00000 |
| ആകെ | | 7,00,00000 |

| BS-6 വായ്പ | | |
|---|---|---|
| | | |
| | ഭവനപദ്ധതികൾക്ക് വായ്പ | 2,00,00,000 |
| **ആകെ .** | | **2,00,00,000** |

| BS-7 മൂലധന ചെലവുകൾക്ക് വേണ്ടിയുള്ള മറ്റ് വരവുകൾ | | |
|---|---|---|
| | സംയുക്ത പദ്ധതികൾക്കുള്ള വിഹിതം | 7500000 |
| | കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും | 15000000 |
| | കേന്ദ്ര സർക്കാരിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും | 5000000 |
| | വികസന ഫണ്ട് | 11108200 |
| | ഘടക സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഫണ്ട് | 1500000 |
| | വികസന ഫണ്ടും സംസ്ഥാനാവിഷ്കൃത ഫണ്ടും ഒഴികെ മറ്റ് ആവശ്യങ്ങൾക്കുള്ള ഫണ്ട് | 1000000 |
| ആകെ | | **41108200** |

| BS-8 അനിവാര്യ ചുമതലകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ | | |
|---|---|---|
| **Establishment Expenses** | | |
| | ശമ്പളം | 1,25,00000 |
| | കൂലി | 1,000000 |
| | ബോണസ് | 75000 |
| | യാത്രാ ബത്ത | 400000 |
| | മറ്റ് ബത്തകൾ | 25000 |
| | ജനപ്രതിനിധികൾക്കുള്ള ഓണറേറിയം | 1425000 |
| | ജനപ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീ | 2,50000 |
| | ജനപ്രതിനിധികൾക്കുള്ള യാത്ര ബത്ത | 25,0000 |
| | പെൻഷൻ കോൺട്രിബ്യൂഷൻ | 150000 |
| | അവധി ശമ്പളം | 150000 |
| | സേവന വിരാമ ആനുകൂല്യങ്ങൾ | 2500000 |
| കെ | | **6225000** |

| Administrative Expenses | | |
|---|---|---|
| | വാടക | 15000 |
| | നികുതി | 5000 |
| | ഓഫീസ് ചെലവുകൾ | 30000 |
| | വാർത്താ വിനിമയ ചെലവുകൾ | 30000 |
| | പുസ്തകങ്ങളും ആനുകാലികങ്ങളും | 40000 |
| | അച്ചടിയും സ്റ്റേഷനറിയും | 150000 |
| | ഇൻഷൂറൻസ് /രജിസ്ട്രേഷൻ | 150000 |
| | നീതി ന്യായ സേവനങ്ങൾക്കുള്ള ചെലവുകൾ | 50000 |
| | പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകൾ | 125000 |
| | പരസ്യവും പ്രചരണവും | 50000 |
| | മെമ്പർഷിപ്പ്/വരിസംഖ്യ | 100000 |
| | തെരെഞ്ഞെടുപ്പ് ചെലവുകൾ | 300000 |
| | അസാധാരണ ചെലവുകൾ | 15000 |
| | മറ്റ് ഭരണ ചെലവുകൾ | 150000 |
| **ആകെ** | | **1210000** |

| സംരക്ഷണവും നടത്തിപ്പും | | |
|---|---|---|
| | വൈദ്യുതി /ഊർജ്ജം | 75000 |
| | ഡീസൽ പെട്രോൾ ഓയിൽ ലൂബ്രിക്കന്റ് | 600000 |
| | വാട്ടർ ചാർജ്ജ് | 1700000 |
| | വാടക | 110000 |
| | സംരക്ഷണവും അറ്റകുറ്റപണികളും -പൊതു കെട്ടിടങ്ങൾ | 100000 |
| | സംരക്ഷണവും അറ്റകുറ്റപണികളും -റോഡുകൾ | 200000 |
| | സംരക്ഷണവും അറ്റകുറ്റപണികളും -ലൈനുകൾ | 100000 |
| | സംരക്ഷണവും അറ്റകുറ്റപണികളും -പാലങ്ങൾ കലുങ്കുകളും | 25000 |
| | സംരക്ഷണവും അറ്റകുറ്റപണികളും -വൈദ്യുതി | 50000 |
| | സംരക്ഷണവും അറ്റകുറ്റപണികളും കുടിവെള്ളം | 180000 |
| | സംരക്ഷണവും അറ്റകുറ്റപണികളും -മറ്റ് സ്ഥിര ആസ്തികളും | 100000 |
| | സംരക്ഷണവും അറ്റകുറ്റപണികളും-മോലിന്യ നിർമാർജനം | 50000 |
| | നടത്തിപ്പ്/മെയിന്റൻസ് ചെലവുകൾ | 2,00000 |
| **ആകെ** | | **3490000** |
| **Intrest & Finance Chrges** | | |
| | ബാങ്ക് വായ്പകളിൻമേലുള്ള പലിശ | 15000 |
| | മറ്റ് ബാങ്ക് ചാർജ്ജുകൾ | 25000 |
| **ആകെ** | | 40000 |

| | | |
|---|---|---|
| BS-9 പ്ലാൻ റവന്യൂ ചെലവുകൾക്കു വേണ്ടിയുള്ള വകയിരുത്തലുകൾ | | |
| **DECENTRALIZED PLAN PROGRAMME-PRODUCTIVE SECTOR** | | |
| **ഉൽപാദന മേഖല** | | |
| | നെൽകൃഷി | 50000 |
| | മറ്റ് കാർഷിക വികസന പരിപാടികൾ | 40000 |
| | ക്ഷീര വികസനം | 10,00,000 |
| | മത്സ്യകൃഷി | 1,00,000 |
| | തെങ്ങ് കൃഷി | 9,50,000 |
| | പച്ചക്കറി കൃഷി | 6,50,000 |
| | ചെറുകിട വ്യവസായങ്ങളും സൂക്ഷ്മ സംരഭങ്ങളും | 20,00,00 |
| | പ്രകതി സംരക്ഷണത്തിന് വേണ്ടിയുള്ള മറ്റ് ഇടപെടലുകൾ (ജൈവ വൈവിധ്യ പാർക്ക്) | 3,00,000 |
| **ആകെ** | | 3290000 |
| **സേവന മേഖല** | | |
| | തുല്യതാ പരീക്ഷ | 25000 |
| | ഹൈസ്കൂള് | 250000 |
| | സർവ്വ ശിക്ഷാ അഭിയാൻ | 8,00,000 |
| | യുവജന ക്ഷേമം(റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്) | 2,00,000 |
| | സുവർണ്ണ കേളകം (കല/സംസ്കാരം) | 1,00,000 |
| | വായനശാലകളും റീഡിംഗ് റൂമുകളും(ബുക്കുകൾ/ആനുകാലികങ്ങൾ) | 1,00,000 |
| | അനൗപചാരിക തുടർ വിദ്യാഭ്യാസം | 2,50,000 |
| | ആരോഗ്യ പരിപാടികൾ(ഡോക്ടർ/പാരാമെഡിക്കൽ സ്റ്റാഫ് നിയമനം ഉൾപ്പെടെ) | 11,00,000 |
| | അരുന്നുകൾ വാങ്ങൽ | 10,00,000 |
| | കുടിവെള്ള വിതരണം | 500000 |
| | ശുചിത്വം (സുവർണ്ണ കേളകം) | 600000 |
| | പകർച്ചവ്യാധി നിയന്ത്രണം | 4,00,000 |
| | ഭവന നിർമ്മാണം (ലൈഫ്) | 4700000 |
| | വൈദ്യുതീകരണം (നിലാവ് പദ്ധതി) | 2,50,000 |
| | വദ്ധ/അഗതി ക്ഷേമ പരിപാടികൾ | 3,00,000 |
| | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പരിപാടികൾ | 680000 |

| | | |
|---|---|---|
| | ദാരിദ്ര്യ ലഘൂകരണ പരിപാടികൾ | 1500000 |
| | വനിതാ/ശിശു ക്ഷേമം | 15,00,000 |
| | പട്ടിക ജാതി/പട്ടിക വർഗ്ഗ പരിപാടികൾ | 2808000 |
| | അംഗൻവാടി പോഷകാഹാര പരിപാടി | 20,00,000 |
| | പദ്ധതി രൂപീകരണം / മോണിറ്ററിംഗ് | 200000 |
| | സൽഭരണം | 7,00,000 |
| **ആകെ** | | **19963000** |
| **DECENTRALIZED PLAN PROGRAMME-INFRASTRUCTURE പശ്ചാത്തല മേഖല** | | |
| | തെരുവ് വിളക്കുകളുടെ വൈദ്യുതീകരണം | 150000 |
| | റോഡുകൾ | 1,00,000 |
| | മേഖല വിഭജനത്തിൽ ഉൾപ്പെടാത്തവ(ആശ്രയ, ഐ.കെ.എം വിഹിതം) | 80000 |
| | പഞ്ചായത്തോഫീസിൽ അനുബന്ധ സൗകര്യമൊരുക്കൽ | 42000 |
| | കുടിവെള്ളത്തിന പണം നൽകൽ | 1700000 |
| **ആകെ** | | **2072000** |
| **Maintance Projects ആസ്തി സംരക്ഷണം** | | |
| | റോഡ് ആസ്തികൾക്കുള്ള മെയിന്റൻസ് പ്രോജക്ടുകൾ | 20000000 |
| | റോഡിതരം ആസ്തികൾക്കുള്ള മെയിന്റൻസ് പ്രോജക്ടുകൾ-സാമൂഹ്യ ക്ഷേമം | 1200000 |
| | റോഡിതരം ആസ്തികൾക്കുള്ള മെയിന്റൻസ് പ്രോജക്ടുകൾ-അലോപ്പതി | 300000 |
| | റോഡിതരം ആസ്തികൾക്കുള്ള മെയിന്റൻസ് പ്രോജക്ടുകൾ-ആയുർവേദം | 500000 |
| | റോഡിതരം ആസ്തികൾക്കുള്ള മെയിന്റൻസ് പ്രോജക്ടുകൾ-ഹോമിയോപ്പതി | 500000 |
| **ആകെ** | | **22500000** |

| | | |
|---|---|---|
| **BS-10 നോൺ പ്ലാൻ റവന്യൂ ചെലവുകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ** | | |
| **Expenditure of Transfrered institution** | | |
| | സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള നോൺ പ്ലാൻ ചെലവുകൾ(പെൻഷൻ) | 7,00,00000 |
| ആകെ | | **7,00,00000** |
| **വായ്പ തിരിച്ചടവിന വേണ്ടിയുള്ള വകയിരുത്തലുകൾ** | | |
| | വായ്പ തിരിച്ചടവിന വേണ്ടിയുള്ള വകയിരുത്തലുകൾ | 5,00,0000 |
| ആകെ | | **5,00,0000** |

| | | |
|---|---|---|
| **BS-12 മൂലധന ചെലവുകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ** | | |
| **CAPITAL EXPENDITURE- OTHER THAN LOAN REPAYMENTS** | | |
| | പൊതുകെട്ടിടങ്ങൾ | 10,00,000 |
| | റോഡുകൾ | 3000000 |
| | കലുങ്കുകളും പാലങ്ങളും | 1000000 |
| | കുടിവെള്ളം | 2402280 |
| | വൈദ്യുതി | 600000 |
| | മൂവബിൾ അസറ്റ് | 2000000 |
| ആകെ | | 10002280 |

| | | |
|---|---|---|
| **ABSTRACT** | | |
| | പ്രാരംഭ ബാക്കി | 1424981 |
| | വരവുകൾ | 295502000 |
| | ഒട്ടാകെ വരവുകൾ | 296926981 |
| | ചെലവുകൾ | 295433000 |
| | നീക്കി ബാക്കി | 1493981 |

പ്രിയപ്പെട്ടവരെ,

കേളകം ഗ്രാമപഞ്ചായത്തിനെ വികസന കുതിപ്പിലേക്ക് നയിക്കുന്നതിന് സഹായകരമായ നിരവധി പദ്ധതികളും നിർദ്ദേശങ്ങളുമാണ് ഈ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിവിധ വികസന മേഖലകളിലെ ആവശ്യങ്ങൾ ലഭ്യമായ പരിമിത വിഭവങ്ങൾ കൊണ്ട് നിറവേറ്റാൻ പരമാവധി പരിശ്രമിച്ചിട്ടുണ്ട്. സേവന മേഖലയിൽ കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടി വരുന്നത് പശ്ചാത്തല മേഖലയിലെ വികസനത്തെ ബാധിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന പ്ലാൻ ഫണ്ട് തനതു ഫണ്ട് കേന്ദ്ര സംസ്ഥാന സർക്കാർ, ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ, തൊഴിലുറപ്പ് പദ്ധതി, എം പി, എം എൽ എ എന്നിവരുടെ ഫണ്ടുകൾ, ഹഡ്കോ വായ്പ, മറ്റ് വിവിധ ഏജൻസികളുടെ സഹായങ്ങൾ, സി എസ് ആർ ഫണ്ട്, സ്പോൺസർഷിപ്പ്, സംഭാവന തുടങ്ങി വിവിധ ഇനങ്ങളിലായി ലഭിക്കാവുന്ന ഫണ്ടുകൾ എല്ലാം പ്രതീക്ഷിച്ചുകൊണ്ടാണ് ഈ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. കേളകം ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് വഴികാട്ടിയാവുന്ന 29,69,26,981 ~~29,55,02,000 (ഇരുപത്തൊൻപത് കോടി അമ്പത്തഞ്ച് ലക്ഷത്തി രണ്ടായിരം~~ ) രൂപ വരവും 29,54,33,000 ~~29,40,08,019 (ഇരുപത്തൊൻപത് കോടി നാല്പതു ലക്ഷത്തി എണ്ണായിരത്തി പത്തൊൻപത്~~ ) രൂപ ചിലവും 14,93,981 (പതിനാല് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി തൊള്ളായിരത്തി എൺപത്തിയൊന്ന് ) രൂപ മിച്ചവുമുള്ള 2025 – 26 സാമ്പത്തിക വർഷത്തെ ബജറ്റ് നിങ്ങളുടെ മുൻപാകെ അവതരിപ്പിക്കുന്നു.

**തങ്കമ്മ മേലേക്കുറ്റ്**
വൈസ് പ്രസിഡന്റ്
കേളകം ഗ്രാമപഞ്ചായത്ത്

കേളകം,
15-03-2025